# കേരള സർവകലാശാല

നം.പി.ആർ.230/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാം

നവംബർ 07 മുതൽ ആരംഭിക്കുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ/എം.എസ്സി/എം.കോം (വിദൂര വിദ്യാഭ്യാസം - 2017 അഡ്മിഷൻ) നവംബർ/ഡിസംബർ 2019 പരീക്ഷകളുടെ ഹാൾടിക്കറ്റുകൾ വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഹാൾ ടിക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള പരീക്ഷാകേന്ദ്രങ്ങളിൽ തന്നെ വിദ്യാർത്ഥികൾ പരീക്ഷ എഴുതേണ്ടതാണ്.

### പരീക്ഷാഫീസ്

ബി.ടെക് പാർട്ട്ടൈം റീസ്ട്രക്ച്ചേർഡ് 2013 സ്കീം ആറാം സെമസ്റ്ററിന്റേയും, 2008 സ്കീം ഒന്നും മൂന്നും എട്ടും സെമസ്റ്ററിന്റേയും ഓൺലൈൻ രജിസ്ട്രേഷൻ 2019 നവംബർ 04 മുതൽ ആരംഭിക്കുന്നതാണ്. പരീക്ഷയ്ക്ക് പിഴ കൂടാതെ നവംബർ 11 വരെയും 150 രൂപ പിഴയോടു കൂടി നവംബർ 13 വരെയും 400 രൂപ പിഴയോടെ നവംബർ 15 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2019 ഏപ്രിൽ മാസത്തിൽ നടന്ന ഒന്നും മൂന്നും സെമസ്റ്റർ (ജനുവരി 2019 സെഷൻ) ബി.ടെക് പാർട്ട്ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 2019 ജൂലൈ മാസത്തിൽ നടത്തിയ രണ്ടാം വർഷ എം.എച്ച്.എ, മൂന്നാം വർഷ എം.എച്ച്.എ സപ്ലിമെന്ററി (വിദൂര വിദ്യാഭ്യാസം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്പോട്ട് അഡ്മിഷൻ

കാര്യവട്ടത്തുള്ള പഠനഗവേഷണവകുപ്പുകളിൽ അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ്, ബയോകെമിസ്ട്രി, അഡ്വാൻസ്ഡ് ബോട്ടണി, കെമിസ്ട്രി, എഡ്യൂക്കേഷൻ, ജിയോളജി, ലിംഗ്വിസ്റ്റിക്സ്, കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്, ലേണിംഗ് ഡിസബിലിറ്റി, സംസ്കൃതം, ഫ്യൂച്ചർ സ്റ്റഡീസ്, സുവോളജി ഡിപ്പാർട്ടുമെന്റുകളിലെ എം.ഫിൽ (2019-2020) പ്രോഗ്രാമുകളിൽ ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2019 നവംബർ 07 ന് 10 മണിക്കും യൂണിവേഴ്സിറ്റി കോളേജിലെ കെമിസ്ട്രി, ഫിസിക്സ്, ഹിന്ദി ഡിപ്പാർട്ടുമെന്റുകളിലെ എം.ഫിൽ (2019-2020) പ്രോഗ്രാമുകളിൽ ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നവംബർ 08 ന് 10 മണിക്കും നടക്കുന്നതാണ്. യോഗ്യരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അതാതു ഡിപ്പാർട്ടുമെന്റുകളിൽ അന്നേ ദിവസം എത്തിച്ചേരേണ്ടതാണ്.

## ഇന്റർവ്യൂ

2019 ഒക്ടോബർ 4,5 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ലൈബ്രറി അസിസ്റ്റന്റ് (കരാർ അടിസ്ഥാനത്തിൽ) തസ്തികയിലേക്കുള്ള ഇന്റർവ്യൂ നവംബർ 12, 13 തീയതികളിലേക്ക് മാറ്റി വച്ചിരിക്കുന്നു. ഒക്ടോബർ 4 ന് ഹാജരാവാൻ നിർദ്ദേശിക്കപ്പെട്ടവർ നവംബർ 12 നും ഒക്ടോബർ 5 ന് ഹാജരാവാൻ നിർദ്ദേശിക്കപ്പെട്ടവർ നവംബർ 13 നും രാവിലെ 8.30 ന് സർവകലാശാല ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

തിരുവനന്തപുരം,
02.11.2019

പബ്ലിക് റിലേഷൻസ് ഓഫീസർ